ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് നൽകുന്ന തുക ഡിമാന്റ് ഡ്രാഫ്റ്റായി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം ലഭിക്കേണ്ട തുക ആഫീസിൽ നേരിട്ട് ഹാജരായി ആശ്രിതർ വാങ്ങുന്നതിലെ ബുദ്ധിമുട്ട് പരിഗണിച്ച് ഇത് ഡി.ഡി. ആയി സർക്കാർ ചെലവിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിയമ തടസ്സമില്ലെങ്കിൽ ചില ആഫീസുകളിൽ നേരിട്ട് പണം പറ്റാൻ ആശ്രിതരെ നിർബന്ധിക്കുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമപ്രകാരം സർവ്വീസിൽ ഇരിക്കെ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായങ്ങൾ നേരിട്ട് പണമായിട്ടാണ് നൽകുന്നത്.

(ബി) സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ആനുകൂല്യമായി നൽകുന്ന തുക നേരിട്ട് വാങ്ങുന്നതിലെ ബുദ്ധിമുട്ട് സംബന്ധിച്ച് യാതൊരു പരാതിയും ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക

21 (1844) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തിൽ പദ്ധതി ചെലവുകൾക്കായി എന്തു തുക വകയിരുത്തിയിരുന്നു;

(ബി) പുതുക്കിയ കണക്കുപ്രകാരം പ്രസ്തുത വർഷത്തിൽ ആകെ എന്തു തുക ചെലവഴിച്ചു;

(സി) പദ്ധതിയിതര ചെലവുകൾക്കായി പ്രസ്തുതവർഷം എന്തു തുകയാണ് വകയിരുത്തിയത്;

(ഡി) 31.3.2000 വരെ യഥാർത്ഥത്തിൽ ഈ ഇനത്തിൽ എന്തു തുക ചെലവാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മൊത്തം പദ്ധതിചെലവുകൾക്കായി 1999-2000 വർഷത്തിൽ 3776.18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 3250 കോടി രൂപയാണ് സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ തുക.

(ബി) താൽക്കാലിക കണക്കുപ്രകാരം 31 ജനുവരി 2000 വരെ 1850.54 കോടി രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയേതര ചെലവുകൾക്കായി 10014.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 31.3.2000 വരെ പദ്ധതിയിതര വിഭാഗത്തിൽ യഥാർത്ഥ ചെലവ് എത്ര വരുമെന്ന് തിട്ടപ്പെടുത്തുവാൻ യഥാർത്ഥചെലവിന്റെ കണക്കുകൾ അടുത്തവർഷം അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമാകുമ്പോൾ മാത്രമാണ് കഴിയുക.

പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപം

22 (1845) ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിൽ ഇപ്പോൾ എന്തു തുകയ്ക്കുള്ള നിക്ഷേപമുണ്ട്;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഇപ്പോൾ എന്തു തുകയ്ക്കുള്ള വായ്പ സംസ്ഥാനത്തിനകത്ത് നൽകിയിട്ടുണ്ട്;

(സി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിൽ നിന്നുള്ള നിക്ഷേപത്തിൽ നിന്ന് എന്തു തുക സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 സെപ്തംബറിലെ കണക്കനുസരിച്ച് കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽ (ദേശസാൽകൃത ബാങ്കുകളും, റീജിയണൽ റൂറൽ ബാങ്കുകളും) 24, 232 കോടി രൂപയുടെ നിക്ഷേപമുണ്ട്.

(ബി) 1999 സെപ്തംബറിലെ കണക്കനുസരിച്ച് കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽനിന്നും (ദേശസാൽകൃത ബാങ്കുകളും, റീജിയണൽ റൂറൽ ബാങ്കുകളും) 12,746 കോടി രൂപ സംസ്ഥാനത്തിനകത്ത് വായ്പ നൽകിയിട്ടുണ്ട്.

(സി) കണക്കുകൾ ലഭ്യമല്ല.

ബാങ്കുകളുടെ ആഭ്യന്തര വായ്പതോത്

23 (1846) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ ബാങ്കുകളുടേയും ഷെഡ്യൂൾഡ് ബാങ്കുകളുടേയും വായ്പതോത് കുറഞ്ഞുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വായ്പതോത് എത്ര കോടി കുറവാണെന്ന വിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly